നീലേശ്വരം ബ്ലോക്കിൽ ഐ.സി.ഡി.എസ്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി

55 (2053) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്കിൽ ഐ.സി.ഡി.എസ്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) ഈ ബ്ലോക്കിൽ ഐ.സി.ഡി.എസ്. പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) അംഗൻവാടി പ്രവർത്തകരുടെ തെരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ട്. എന്നാൽ ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവുള്ളതിനാൽ നിയമനം നടത്തിയിട്ടില്ല.

(ബി) കോടതി സ്റ്റേ ഉത്തരവ് നീക്കി കിട്ടിയാലുടൻ ആരംഭിക്കുന്നതാണ്.

പ്ലാന്റേഷൻ ടാക്സ് ഈടാക്കാനുള്ള നോട്ടീസ്

56 (2054) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കിയപ്പോൾ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ചും കൈവശം വയ്ക്കുന്ന ഭൂമിയുടെ അളവ് സറണ്ടർ ചെയ്യുന്ന ഭൂമിയുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ചും നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഭൂഉടമയ്ക്ക് പ്ലാന്റേഷൻ ടാക്സ് നൽകുന്നതിനുള്ള നോട്ടീസ് അയച്ചിട്ടുണ്ടോ ;

(ബി) റവന്യൂ കാർഡിന്റെ അപേക്ഷയിൽ ഭൂമി സംബന്ധിച്ച വിവരങ്ങൾ നൽകുന്നവർക്ക് പ്ലാന്റേഷൻ ടാക്സ് നിയമത്തിൽ ഒഴിവാക്കിയിട്ടുള്ള ഭൂപരിധിയേക്കാൾ കൂടുതൽ ഭൂമിയുള്ളപക്ഷം അവരിൽനിന്ന് പ്ലാന്റേഷൻ ടാക്സ് ഈടാക്കുന്നതിന് നോട്ടീസയയ്ക്കുവാൻ ഉദ്ദേശമുണ്ടോ ;

(സി) ഇക്കാര്യം സംബന്ധിച്ച് റവന്യൂ കാർഡ് അപേക്ഷകർക്കുള്ള സംശയങ്ങൾ ദൂരീകരിക്കുവാൻവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. ഭൂഉടമയ്ക്ക് കൈവശം ഉള്ള പ്ലാന്റേഷന്റെ വിസ്തീർണ്ണം കണക്കാക്കി മാത്രമേ പ്ലാന്റേഷൻ ടാക്സ് അടയ്ക്കുന്നതിനുള്ള നോട്ടീസ് അയയ്ക്കാറുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly